പൊ.വി.വ) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമം നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കുലറുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഡി) വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവയുമായി ബന്ധപ്പെട്ട് വേണ്ടത്ര പ്രചരണം നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കൽ

19 (6984) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ എല്ലാ ക്ലാസ്സിലും പാഠപുസ്തകങ്ങൾ വിതരണം ചെയ്ത് പൂർത്തിയായിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ ഏതൊക്കെ ക്ലാസ്സിലാണ് നൽകേണ്ടത് എന്നും കാലതാമസം നേരിടുന്നതിന്റെ കാരണവും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ആവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഒന്നാം വാല്യം അച്ചടിച്ച് വിതരണം ചെയ്തു കഴിഞ്ഞു. അധികം ആവശ്യമായ ഈ വർഷം മാറിയ 1, 3, 5, 7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം നടത്തിക്കൊണ്ടിരിക്കുന്നു. രണ്ടാം വാല്യം പുസ്തകങ്ങൾ അച്ചടിച്ചുകൊണ്ടിരിക്കുന്നു.

2014-15 അദ്ധ്യയന വർഷം രണ്ടാം വർഷ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ 80 ശതമാനം വിതരണം 7-7-2014-ഓടെ പൂർത്തീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ഒന്നാം വർഷ പാഠപുസ്തകങ്ങളും വൊക്കേഷണൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളും സമയബന്ധിതമായി വിതരണം പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം നൽകുന്നതിനുള്ള തുക

20 (6985) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം നൽകുന്നതിനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഒരു കുട്ടിക്ക് എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly